**24U150S** (Pages: 2) Name: ……..………………..

Reg. No: …………………….

**FIRST SEMESTER B.Sc. CS, FT/B.C.A./B.Voc./M.Sc. INTEGRATED GEOLOGY DEGREE EXAMINATION, NOVEMBER 2024**

(CBCSS-UG)

**CC19U MAL1 A07(3) / CC21U GEC1 ML03 / CC19 MAL1 IA07(3)**

**മലയാള ഭാഷയും സാഹിത്യവും – I**

(Malayalam – Common Course)

(B.A./B.Sc./B.S.W./B.C.A./B.Com./B.B.A. 2019 to 2023 Admissions - Supplementary/Improvement)

(B.Voc. 2019 Admission onwards – Regular/Supplementary/Improvement)

(M.Sc. Integrated Geology – 2021 Admission onwards – Regular/Supplementary/Improvement)

Time: 2.5 Hours Maximum: 80 Marks

Credit: 4

I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. രണ്ട് മാർക്ക് വീതമുള്ള 15 ചോദ്യങ്ങൾ. പരമാവധി 25 മാർക്ക്.

1. 'ബൈറ' എന്ന സ്ഥലത്തിന്റെ പ്രാധാന്യം വിശദമാക്കുക.
2. കല്ലേൻ പൊക്കുടന് ഏത് പേരിലറിയപ്പെടാനാണ് ആഗ്രഹം ?
3. ചുവന്ന മനുഷ്യന്റെ ഓർമ്മകളെ ചുമന്നുകൊണ്ടുപോകുന്നത് എന്താണ്?
4. നാട്ടുകാരായ കാപ്പിരികളെ മാത്രം ബാധിക്കുന്ന ഒരു പോലീസ് നിയമമാണിത് –ഏത്?
5. “നശിപ്പിച്ചവരാണല്ലോ യഥാർത്ഥത്തിൽ നിരാശപ്പെടേണ്ടത്”–വ്യംഗ്യമെന്ത്?
6. സംവേദനം എന്നാൽ എന്ത്?
7. ' വേണ്ടാംകടി' എന്ന പേരിന്റെ ഔചിത്യം പരിശോധിക്കുക.
8. ലോല രണ്ടു രാജ്യങ്ങളെയും ചീത്ത വിളിക്കാൻ കാരണമെന്തായിരുന്നു ?
9. “ചുമലിലൊരിത്തിരി റേഷനരിക്കിഴി
   ചുട്ടചിന്താഭാരങ്ങൾ നെഞ്ചറയിൽ”– കവിയുടെ ചിന്താഭാരങ്ങൾ എന്തെല്ലാമായിരുന്നു ?
10. “ഇപ്പുഞ്ചിരിക്കു തെളിവില്ലറിവില്ല കാൺമീലർത്ഥം
    വൃഥാ ചിരിപൊഴിച്ചിവൾ വാണിടുന്നു” – ആശയമെന്ത്?
11. ഇളംകഴുത്തിലെ പവിഴമാലകളെ കവി താരതമ്യപ്പെടുത്തുന്നത് എപ്രകാരമാണ്?
12. കടലുകൾ വലുതായതും പുഴകൾ ഇതിഹാസമായതും എങ്ങനെയാണെന്നാണ് കവി പറയുന്നത്?
13. “രക്തത്തിലലിഞ്ഞുചേർന്ന എന്തോ ഒന്ന് സരളയിൽ പിടഞ്ഞുണർന്നു” കാരണമെന്ത്?
14. “ഇതല്ലേടി മാല്യ, നിന്റെയൊരു വർഗം” വക്താവാര്? സന്ദർഭം.
15. ഗൃഹനാഥൻ നരിയെ വക വരുത്താൻ കാരണമെന്ത്?

**(Ceiling: 25 Marks)**

II. ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 5 മാർക്ക് വീതമുള്ള 8 ചോദ്യങ്ങൾ. പരമാവധി 35 മാർക്ക്.

16. ‘ലോല’ എന്ന കഥയുടെ പ്രമേയപരമായ പ്രത്യേകത വിശദമാക്കുക.

17. 'ബുലവായോ'യുടെ പ്രത്യേകതയെന്ത്? ആ നഗരത്തിന് ആ പേര് വരാനിടയായ കാരണം വിവരിക്കുക.

18. "എനിക്കീ പെണ്ണെന്ന വർഗ്ഗത്തിനെ കണ്ടുക്കൂടാ" – മുത്തച്ഛൻ ഇങ്ങനെ പറയുന്നതിലെ സാംഗത്യം വിശദമാക്കുക.

19. “ഇരയായ് ഞാൻ വീഴണോ, മടയിൽ നിന്മക്കൾ തൻ പൊരിയും വയറ്റിലേയ്ക്കെത്തണോ ഞാൻ”–സന്ദർഭവും സാരസ്യവും വിശദമാക്കുക.

20. 'കൊല്ലേണ്ടതെങ്ങനെ'എന്ന കവിതയുടെ സമകാലപ്രസക്തിയെന്ത്? വിശകലനം ചെയ്യുക.

21. രൂപത്തെക്കുറിച്ചും ആകൃതിയെക്കുറിച്ചുമുള്ള ലേഖകന്റെ വീക്ഷണങ്ങൾ വ്യക്തമാക്കുക.

22. കണ്ടൽക്കാടുകൾ നട്ടുവളർത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് വിവരണം തയ്യാറാക്കുക.

23. 'ഭൂമി മനുഷ്യന്റെയല്ല, മനുഷ്യൻ ഭൂമിയുടേതാണ്'. വിവക്ഷിതമെന്ത്? വിവരിക്കുക.

**(Ceiling: 35 Marks)**

III. ഏതെങ്കിലും രണ്ട് ചോദ്യത്തിന് മൂന്നുപുറത്തിൽ കവിയാതെ ഉപന്യസിക്കുക. 10 മാർക്ക് വീതം.

24. സ്നേഹശൂന്യതയും സ്ത്രീവിരുദ്ധതയും ഒട്ടും മാർദ്ദവമില്ലാതെ' വേണ്ടാംകടി'യിൽ ആവിഷ്കരിച്ചിരിക്കുന്നു – പരിശോധിക്കുക.

25. രണ്ടു ദേശങ്ങളും സംസ്കാരങ്ങളും മതങ്ങളും ഉയർത്തുന്ന വെല്ലുവിളികളും സംഘർഷങ്ങളും 'ലോല' എന്ന കഥയിൽ വേരോടിയിരിക്കുന്നു – നിരൂപിക്കുക.

26. ‘കാപ്പിരികളുടെ നാട്ടിൽ’ എന്ന യാത്രാവിവരണത്തിന് നിരൂപണം തയ്യാറാക്കുക.

27. സ്ത്രീജീവിതത്തിന്റെ വിപരീതമുഖങ്ങളാണ് ‘ഒത്തുതീർപ്പ്’കളിലെ സരളയും കുപ്പമ്മയും പ്രതിനിധീകരിക്കുന്നത് –നിരൂപണം തയ്യാറാക്കുക.

**(2 × 10 = 20 Marks)**

*******